പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2507 — 18.06.2014 ന് മറുപടിയ്ക്ക്

## *മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്മെന്റ് പദ്ധതികൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ മുരളീധരൻ :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. എ.റ്റി. ജോർജ്ജ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മിഷൻ 676 പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നൈപുണ്യം ഇന്റർനാഷണൽ സ്കിൽസ് പാർക്ക് (NISP)<br>2. കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP)<br>3. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)<br>4. സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് (CEN)<br>5. ഏവിയേഷൻ അക്കാദമി<br>6. എംപ്ലോയബിലിറ്റി സെന്ററുകൾ<br>7. ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമി<br>8. ഹൈടെക്ക് ഓട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ് സ്കിൽ സെന്റർ<br>9. സ്കിൽസ് അക്കാദമി ഫോർ ഓയിൽ ആന്റ് റിഗ്. |
| (സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നഴ്സിംഗ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP) സ്ഥാപിക്കുന്നതിനായി ടെക്നോ പാർക്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

..........(2)

എവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിലേയ്ക്കായി ഓപ്പറേറ്റർമാരെ കണ്ടെത്താനുള്ള നടപടികൾക്ക് തുടക്കമായി. ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമി, ഹൈടെക്ക് ഓട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ് സ്കിൽ സെന്റർ, സ്കിൽസ് അക്കാദമി ഫോർ ഓയിൽ ആന്റ് റിഗ് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി ഓപ്പറേറ്റർമാരെ കണ്ടെത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| | |
|---|---|
| (ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ